## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5832** 25.05.2017-ൽ **മറുപടിക്ക്**

വയനാട് ഇലക്ട്രിക് പോസ്റ്റ് നിർമ്മാണ യൂണിറ്റ്

| | ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വയനാട് ജില്ലയിൽ ആരംഭിച്ച ഇലക്ട്രിക് പോസ്റ്റ് നിർമ്മാണ യൂണിറ്റിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | വയനാട് ജില്ലയിലെ മാനന്തവാടിയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഇലക്ട്രിക് പോസ്റ്റ് നിർമ്മാണ യൂണിറ്റിൽ നിലവിൽ ദർഘാസ് നമ്പർ. SCM-CP/51/2014-15 പ്രകാരം "ഷാർപ്പ് ലൈൻ ബിൽഡേഴ്സ് ആന്റ് ഡെവലപ്പേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡ്" എന്ന സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നമ്പർ SCM 53/2015-16/2388 തീയതി 01.02.2015 പ്രകാരം കൽപ്പറ്റ ഇലക്ട്രിക്കൽ സർക്കിളിലേയ്ക്ക് ആവശ്യമായ 8 മീറ്റർ, 9 മീറ്റർ പോസ്റ്റുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് രണ്ട് വർഷത്തേയ്ക്ക് കരാർ ഏർപ്പെട്ടിട്ടുള്ള തുമാണ്. ആയതിൻ പ്രകാരം ടി സ്ഥാപനം പോസ്റ്റുകൾ വിതരണം ചെയ്തുവരുന്നു. |
| (ബി) | യൂണിറ്റ് പ്രവർത്തന ക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ യൂണിറ്റ് പ്രവത്തനക്ഷമമാണ്. |
| (സി) | ഈ യൂണിറ്റ് പ്രവർത്തന ക്ഷമമായാൽ പ്രതിദിനം എത്ര പോസ്റ്റുകൾ നിർമ്മിക്കുവാൻ സാധിക്കും; | (സി) | ടി യൂണിറ്റിൽ നിലവിൽ 8മീറ്റർ പോസ്റ്റുകൾ 180 എണ്ണം (ഒരു വരിയിൽ 90 എണ്ണം വീതം 2 വരി), 9 മീറ്റർ പോസ്റ്റുകൾ 168 എണ്ണം (ഒരു വരിയിൽ 84 എണ്ണം വീതം 2 വരി) ഒരു പ്രാവശ്യം വാർക്കുന്നതിന് സാധിക്കും. |
| (ഡി) | എത്ര തൊഴിലാളികൾക്ക് ഈ യൂണിറ്റിൽ തൊഴിൽ നൽകാൻ കഴിയും? | (ഡി) | നിലവിൽ ദർഘാസ് ക്ഷണിച്ച് വൈദ്യുതി പോസ്റ്റുകൾ വിതരണം ചെയ്യുന്നതിന് സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് കരാർ നൽകുന്നതിനാൽ ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തൊഴിൽ നൽകുന്നില്ല. |

**സെക്ഷൻ ഓഫീസർ**